# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.226 — 01/04/2013 ൽ മറുപടിക്ക്

### മന്തുരോഗ പ്രതിരോധമരുന്ന് വാങ്ങിയതിലെ ക്രമക്കേട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. വി. ശശി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ദേശീയ മന്തുരോഗ പ്രതിരോധ സമൂഹ ചികിത്സാ പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഡൈ ഈഥൈൽ കാർബാമെസിൻ (ഡി.ഇ.സി) എന്ന ഗുളിക ഒരെണ്ണത്തിന് എന്തു വില നൽകിയാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തെ ദേശീയ മന്തുരോഗ പ്രതിരോധ സമൂഹ ചികിത്സാ പദ്ധതിയ്ക്കായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡൈ ഈഥൈൽ കാർബാമെസിൻ (ഡി.ഇ.സി.) എന്ന ഗുളിക ഒരെണ്ണത്തിന് 0.2415 രൂപയ്ക്കാണ് മെഡിക്ക മെൻ ബയോട്ടെക് എന്ന കമ്പനിയിൽ നിന്നും കോർപ്പറേഷൻ വാങ്ങിയത്. |
| (ബി) | ഇതേ ഗുളിക സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തു വില കൊടുത്താണ് വാങ്ങിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | 2012-13 വർഷത്തെ റേറ്റ് കോൺട്രാക്ട് ടെണ്ടർ പ്രകാരം യൂണിക്യൂർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നാണ് ഡൈ ഈഥൈൽ കാർബൈമെസിൻ (ഡി.ഇ.സി.) എന്ന ഗുളിക ഒരെണ്ണത്തിന് 0.249 രൂപ നിരക്കിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചത്. |
| (സി) | ഈ രണ്ടു വിലയിലും എന്തെങ്കിലും വ്യത്യാസമുണ്ടോ ; ഉണ്ടെങ്കിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുമോ ; | (സി) | ഉണ്ട്. രണ്ടു വിലയും തമ്മിൽ ഒരു ഗുളികയ്ക്ക് 0.0075 (0.249-0.2415) രൂപയുടെ നേരിയ വ്യത്യാസം ഉണ്ട്. മന്ത് രോഗ ചികിത്സാ പദ്ധതിയ്ക്കായി വാങ്ങിയത് 6,81,00,000 ഗുളികകളാണ്. അതേ സമയം 2012-13 ലെ റേറ്റ് കോൺട്രാക്ടിലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ആശുപത്രികൾ വഴി നൽകുന്നതിനായി വാങ്ങിയത് 63,00,000 ഗുളികകളാണ്. മേൽപ്പറഞ്ഞ രണ്ടു ടെണ്ടറുകളുടെയും ടെണ്ടർ ക്വാണ്ടിറ്റിയിലുള്ള വ്യത്യാസമാണ് ഈ വില വ്യത്യാസത്തിന് കാരണം. |
| (ഡി) | മരുന്നു വാങ്ങൽ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് വൻ ക്രമക്കേട് നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇല്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്ഥാപിതമായതിനു ശേഷം പോരായ്മകൾ പരിഹരിച്ച് പരാതിക്കിട നൽകാതെ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിച്ചാണ് മരുന്നുകൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ